# പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1071** 05.03.2018 -ലെ മറുപടിയ്ക്ക്

**<u>കോഴിക്കോട് സർവ്വകലാശാലയിലെ അസിസ്റ്റന്റ് നിയമനം</u>**

*ചോദ്യം*
ശ്രീ. എ. പി. അനിൽ കുമാർ

*ഉത്തരം*
പ്രൊഫ. സി രവീന്ദ്രനാഥ്
(ബഹു.വിദ്യാഭ്യാസ വകുപ്പ് മന്ത്രി

| | | | |
|---|---|---|---|
| (എ) | നിലവിലുള്ള പി. എസ്. സി ലിസ്റ്റിൽ നിന്നും കോഴിക്കോട് സർവ്വകലാശാലയിൽ എത്ര പേർക്ക് അസിസ്റ്റന്റ് നിയമനം നൽകി; | (എ) | നിലവിലുള്ള പി. എസ്. സി ലിസ്റ്റിൽ നി **20** പേർക്ക് കാലിക്കറ്റ് സർവ്വകലാശാലയിൽ അസിസ്റ്റന്റ് നിയമനം നൽകി |
| (ബി) | സർവ്വകലാശാലകളിലെ നിയമനം പി. എസ്. സിക്ക് വിട്ടുകൊടുത്തുകൊണ്ടുള്ള നിയമം നിലവിൽ വന്നശേഷം ഉണ്ടായ എത്ര അസിസ്റ്റന്റ് തസ്തികകളിൽ പി. എസ്. സി ലിസ്റ്റിൽ നിന്നല്ലാതെ സർവ്വകലാശാല തയ്യാറാക്കിയ പഴയ റാങ്ക് ലിസ്റ്റിൽ നിന്നും നിയമനം നടത്തി; ഇപ്രകാരം നിയമനം നടത്തുവാനുണ്ടായ കാരണമെന്താണ്; വിശദമാക്കുമോ? | (ബി) | 2015 ലെ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ (സർവ്വകലാശാലകളുടെ കീഴിലുള്ള സർവീസുകളെ സംബന്ധിച്ച കൂടുതൽ ചുമതലകൾ ) ആക്ട്, 29.09.20.. ൽ നിലവിൽ വന്നശേഷമുള്ള 36 ഒഴിവുകളിലേയ്ക്ക് 30.01.2016 ൽ നിലവിൽ വന്ന സർവ്വകലാശാല റാങ്ക് ലിസ്റ്റിൽ നിന്നും നിയമനം നടത്തിയിട്ടുണ്ട്. 04.02.2011 ലെ GO(Ms)No.11/2011/H.Edn സർക്കാർ ഉത്തരവ് പ്രകാരം സർവ്വകലാശാലളിലെ അനധ്യാപക തസ്തികകളിലേക്കുള്ള നിയമന നടപടി ഇതിനോടകം ആരംഭിച്ചിട്ടുള്ള സർവ്വകലാശാലകൾക്ക് നിലവിലുള്ള നിയമമനുസരിച്ച് ആയത്തു തുടരുന്നതിനുള്ള അനുമതി നൽകിയിരുന്നു. എന്നാൽ 2015 ലെ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ (സർവ്വകലാശാലകളുടെ കീഴിലുള്ള സർവീസുകളെ സംബന്ധിച്ച കൂടുതൽ ചുമതലകൾ ) ആക്ട്, 29.09.2015 ൽ |

| | | | |
|---|---|---|---|
| | | | പ്രബല്യത്തിലായതിനു ശേഷം യൂണിവേഴ്സിറ്റി തയ്യാറാക്കിയ പഴയ റാങ്ക് ലിസ്റ്റിൽ നിന്നും നിയമനം നടത്തുവാൻ പാടില്ലാത്തതാണ്. എന്നാൽ ഇത് മറികടന്ന് നടത്തിയ നിയമനത്തിൻ മേ സർക്കാർ വിശദീകരണം ആവശ്യപ്പെട്ടിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ